**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 294** **27-01-2026 - ൽ മറുപടിയ്ക്ക്**

**ഭക്ഷ്യ പൊതുവിതരണ വകുപ്പ് കുന്നത്തുനാട് മണ്ഡലത്തിൽ നടപ്പിലാക്കിയ പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.വി. ശ്രീനിജിൻ | | ശ്രീ ജി ആർ അനിൽ<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 2021 മെയ് മുതൽ നാളിതുവരെ ഭക്ഷ്യ പൊതുവിതരണ വകുപ്പ് മുഖേന കുന്നത്തുനാട് മണ്ഡലത്തിൽ നടപ്പിലാക്കിയ പദ്ധതികൾ ഏതെല്ലാമാണെന്ന് വിശദീകരിക്കാമോ; | (എ) | നിലവിലെ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം ഇതുവരെ കുന്നത്തുനാട് മണ്ഡലത്തിൽ ഭക്ഷ്യ സിവിൽ സപ്ലൈസ് വകുപ്പ് നടപ്പിലാക്കിയ പദ്ധതികൾ.<br><br>1) കെ സ്റ്റോർ പദ്ധതി<br>2) ഒപ്പം പദ്ധതി<br>3) സുഭിക്ഷ ഹോട്ടൽ<br><br>വിശദാംശം അനുബന്ധമായി ചേർക്കുന്നു. |
| (ബി) | ഓരോ പ്രവൃത്തിയുടേയും നിലവിലെ സ്ഥിതി വിശദീകരിക്കാമോ; | (ബി) | ഓരോ പദ്ധതിയുടെയും നിലവിലെ സ്ഥിതി താഴെ പറയും പ്രകാരമാണ്.<br><br>1) കെ സ്റ്റോർ പദ്ധതി :- കുന്നത്തുനാട് മണ്ഡലത്തിൽ 1 8 റേഷൻ കടകളിൽ കെ - സ്റ്റോർ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്.<br><br>2) ഒപ്പം പദ്ധതി :- ഈ പദ്ധതി പ്രകാരം കുന്നത്തുനാട് താലൂക്കിലെ കുന്നത്തുനാട് പഞ്ചായത്തിലെ ഒരു ഉപഭോക്താവിന് 2024 വരെ റേഷൻ സാധനങ്ങൾ നൽകി വന്നിരുന്നു. ടിയാൾ 15/05/72024ന് മരണപ്പെട്ടു. നിലവിൽ മറ്റാർക്കും ഈ പദ്ധതിയിലൂടെ റേഷൻ വിതരണം നടത്തുന്നില്ല. പുതിയ അപേക്ഷകർ വരുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.<br><br>3) സുഭിക്ഷ ഹോട്ടൽ : - കുന്നത്തുനാട് താലൂക്കിലെ കോലഞ്ചേരിയിൽ 22-11-2022 മുതൽ പ്രവർത്തിച്ച് കൊണ്ടിരുന്ന സുഭിക്ഷ ഹോട്ടൽ 31-03-2024 ന് കാലാവധി അവസാനിച്ചതിനാൽ പ്രവർത്തനം താൽക്കാലികമായി നിർത്തിയിരുന്നു. കെട്ടിടത്തിന്റെ നവീകരണ പ്രവർത്തികൾ പൂർത്തിയാക്കുന്ന മുറയ്ക്ക് വ്യവസ്ഥകൾക്കനുസരിച്ച് പ്രവർത്തനം ആരംഭിക്കുന്നതാണ്. |

| | | | |
|---|---|---|---|
| (സി) | ഓരോ പ്രവൃത്തിക്കും അനുവദിച്ച തുക എത്ര വീതമാണെന്ന് വ്യക്തമാക്കാമോ? | (സി) | കെ-സ്റ്റോർ, ഒപ്പം എന്നീ പദ്ധതികൾക്കായി സർക്കാർ പ്രത്യേകം തുക അനുവദിക്കുന്നില്ല. സുഭിക്ഷ ഹോട്ടൽ പദ്ധതിയ്ക്കായി നാളിതുവരെ 3,91,150/-രൂപ അനുവദിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

**നിലവിലെ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം ഇതുവരെ കുന്നത്തുനാട് മണ്ഡലത്തിൽ ഭക്ഷ്യ സിവിൽ സപ്ലൈസ് വകുപ്പ് നടപ്പിലാക്കിയ പദ്ധതികളുടെ വിശദാംശം**

1. കെ.സ്റ്റോർ

റേഷൻകട വൈവിധ്യവത്കരണത്തിന്റെ ഭാഗമായി, സംസ്ഥാനത്തെ പൊതുവിതരണ സമ്പ്രദായത്തെ ശക്തിപ്പെടുത്തുന്നതിനും റേഷൻ കടകളിൽ പൊതുജനോപകാരപ്രദമായ കൂടുതൽ സേവനങ്ങൾ ലഭ്യമാക്കുന്നതിനും റേഷൻ കട ലൈസൻസികൾക്ക് അധിക വരുമാനം ലഭിക്കുന്നതിനുമായി കെ-സ്റ്റോർ എന്ന പദ്ധതി ആരംഭിച്ചിട്ടുണ്ട്. നിലവിൽ റേഷൻ കടകൾ വഴി നൽകി വരുന്ന സേവനങ്ങൾക്ക് പുറമേ സപ്ലൈക്കോയുടെ ശബരി ഉത്പന്നങ്ങൾ, മിൽമ ഉത്പന്നങ്ങൾ, IOC യുടെ ചോട്ടു ഗ്യാസ്, വ്യവസായ വാണിജ്യ വകുപ്പിന് കീഴിലുള്ള ചെറുകിട വ്യവസായ യൂണിറ്റുകൾ (MSME) ഉൽപ്പാദിപ്പിക്കുന്ന നിത്യോപയോഗ സാധനങ്ങൾ എന്നിവ കെ-സ്റ്റോറുകളിൽ ലഭ്യമാണ്. കൂടാതെ CSC രജിസ്ട്രേഷൻ നടത്തിയിട്ടുള്ള കെ-സ്റ്റോറുകളിൽ നിന്നും 10,000/- രൂപ വരെ AEPS (Aadhar Enabled Payment System) മുഖേന പിൻവലിക്കുന്നതിനും നിക്ഷേപിക്കുന്നതിനുമുള്ള മിനി ബാങ്കിങ് സംവിധാനം, യൂട്ടിലിറ്റി ബിൽ പേയ്മെന്റ് , ടിക്കറ്റ് ബുക്കിംഗ് എന്നീ സൗകര്യങ്ങളും ലഭ്യമാണ്.

2. ഒപ്പം പദ്ധതി -

സംസ്ഥാനത്ത് 'അങ്ങേയറ്റം ദരിദ്രരായ" കുടുംബങ്ങൾക്ക് പൊതുവിതരണ സമ്പ്രദായത്തിന് (PDS) കീഴിലുള്ള കടകളിൽ നിന്ന് റേഷൻ സാധനങ്ങൾ വീട്ടിലെത്തിക്കുന്നതിനായിട്ടാണ് 'ഒപ്പം' എന്ന പേരിൽ സർക്കാർ ഒരു പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കിയിട്ടുള്ളത്. പ്രസ്തുത പദ്ധതിയിലൂടെ വാർദ്ധക്യവും രോഗങ്ങളും കാരണം സാധനങ്ങൾ വാങ്ങാൻ റേഷൻ കടകളിൽ എത്താൻ കഴിയാത്ത അങ്ങേയറ്റം ദരിദ്രരായ കുടുംബങ്ങൾക്ക് ഓട്ടോറിക്ഷ തൊഴിലാളികളുടെ കൂട്ടായ്മയുമായി സഹകരിച്ച് റേഷൻ വിഹിതം വീടുകളിൽ എത്തിക്കുകയാണ് സർക്കാർ ഈ പദ്ധതി കൊണ്ട് ലക്ഷ്യമിടുന്നത്. ഒപ്പം പദ്ധതിയിലൂടെ ഗുണഭോക്താക്കൾക്ക് അവരുടെ റേഷൻ സാധനങ്ങൾ എല്ലാ മാസവും 10ന് മുമ്പ് ഓട്ടോറിക്ഷ തൊഴിലാളികൾ സൗജന്യമായി വീട്ടിൽ എത്തിക്കും.

3.സുഭിക്ഷ ഹോട്ടൽ

വിശപ്പ് രഹിത കേരളം പദ്ധതി സംസ്ഥാനത്ത് നടപ്പിലാക്കുന്നതിന്റെ ഭാഗമായി പ്രവർത്തിച്ചു വരുന്നു.